## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ: 4161 — 20.03.2018-ൽ മറുപടി പറയേണ്ടത്

### ഗ്രാമ പഞ്ചായത്തുകളെ ഐ.എസ്.ഒ. നിലവാരത്തിലേക്കുയർത്താൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ.വി.കെ.സി. മമ്മത് കോയ<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.കെ. ആൻസലൻ | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) | |
| എ) | ഗ്രാമപഞ്ചായത്തുകളെ ഐ.എസ്.ഒ. നിലവാരത്തിലേക്കുയർത്താൻ പരിപാടിയുണ്ടോ; ഇതിനായി എന്തെല്ലാം ഓഫീസ് നവീകരണ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളെയും ഐ.എസ്.ഒ. നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ആയതിലേക്കായി ഗ്രാമപഞ്ചായത്തുകളിൽ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാകത്തക്ക രീതിയിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നവീകരിക്കുകയും ശാസ്ത്രീയമായ രീതിയിൽ റിക്കോർഡ് റൂം സജ്ജീകരിക്കുകയും ചെയ്യുന്നു. |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരുടേതുൾപ്പെടെയുള്ള ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടി അറിയിക്കാമോ; | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരുടേതുൾപ്പെടെയുള്ള വിവിധ ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ തസ്തികയിൽ 2018 ഡിസംബർ 31 വരെ ഉണ്ടാകാവുന്ന ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിലേക്കായി വകുപ്പ്തല പ്രൊമോഷൻ കമ്മിറ്റി 15.03.2018 തീയതിയിൽ കൂടിയിട്ടുണ്ട്. |
| (സി) | ഗ്രാമസഭ പ്രവർത്തനങ്ങൾ സുതാര്യവും ജനകീയവും കാര്യക്ഷമവുമാക്കുന്നതിനായി രൂപീകരിച്ച ഗ്രാമസഭ പോർട്ടൽ വഴി പൊതുജനങ്ങൾക്ക് ലഭിക്കുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) | അധികാര വികേന്ദ്രീകരണ പ്രക്രിയയിൽ ജനങ്ങളുടെ സമ്പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി പഞ്ചായത്ത് വകുപ്പ് ഐ.കെ.എമ്മിന്റെ സഹായത്തോടെ ഗ്രാമസഭാ പോർട്ടൽ പ്രവർത്തന സജ്ജമാക്കിയിരിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് സ്വന്തം വാർഡിലെ സമ്പൂർണ്ണ വികസന ക്ഷേമപ്രവർത്തനങ്ങളും അടിസ്ഥാന വിവരങ്ങളും അറിയിപ്പുകളും പ്രസിദ്ധീകരിക്കുവാനും |

| | | | |
|---|---|---|---|
| | | | ഗ്രാമസഭയിൽ ചർച്ച ചെയ്യേണ്ടതും ഉചിതമായ തലങ്ങളിൽ നടപടികൾ സ്വീകരിക്കേണ്ടതുമായ വിവിധ വിഷയ സംബന്ധിയായ നിർദ്ദേശങ്ങളും വസ്തുതകളും ഓൺലൈനായി പൊതുജനങ്ങൾക്ക് എവിടെ നിന്നും സമർപ്പിക്കുന്നതിനും വേണ്ടിയാണ് ഗ്രാമസഭാ പോർട്ടൽ തയ്യാറാക്കിയിട്ടുള്ളത്. |
| (ഡി) | കെട്ടിട നികുതി ഓൺലൈനായി അടയ്ക്കാൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; നികുതി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുക? | (ഡി) | ഉണ്ട്. കെട്ടിട നികുതി സ്വീകരിക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഓൺലൈൻ ഇ.പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ കെട്ടിട നികുതി നിർണ്ണയം നിലവിൽ നടത്തുന്നത് സഞ്ചയ സോഫ്റ്റ് വെയർ മുഖേനയാണ്. |

സെക്ഷൻ ഓഫീസർ